**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **08-02-2023 - ൽ മറുപടിയ്ക്ക്**

**മികച്ച ഇനം കന്നുകാലികളുടെ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ മേഖലയിൽ സംസ്ഥാനത്തിന്റെ സ്ഥാനം രാജ്യത്ത് എത്രാമതാണെന്ന് അറിയിക്കാമോ; | (എ) | 2019കന്നുകാലി സെൻസസ് പ്രകാരം രാജ്യത്ത് മൃഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം ചുവടെ ചേർക്കുന്നു.<br><br>കന്നുകാലികളുടെ (പശു,എരുമ) എണ്ണത്തിൽ 21-ാം സ്ഥാനം<br><br>ചെമ്മരിയാട് & ആടിന്റെ എണ്ണത്തിൽ 19-ാം സ്ഥാനം<br><br>പന്നികളുടെ എണ്ണത്തിൽ 20-ാം സ്ഥാനം<br><br>പൗൾട്രിയുടെ എണ്ണത്തിൽ 9-ാം സ്ഥാനം<br><br>2020-21 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവേ റിപ്പോർട്ട് പ്രകാരം കേരളം പാലുല്പാദനത്തിന്റെ കാര്യത്തിൽ രാജ്യത്ത് 15-ാം സ്ഥാനത്തും, മുട്ട ഉല്പാദനത്തിൽ രാജ്യത്ത് 14-ാം സ്ഥാനത്തും, മാംസോത്പാദനത്തിൽ 8-ാം സ്ഥാനത്തും നിൽക്കുന്നു. |
| (ബി) | സംസ്ഥാനത്ത് മികച്ച ഇനം കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | കർഷകർക്ക് ആവശ്യാനുസരണം അവരുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കെ.എൽ.ഡി ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു. അതുവഴി ഉൽപാദന ക്ഷമത കൂടുതലുള്ള മികച്ച ഇനം കന്നുകാലികളുടെ എണ്ണം വർദ്ധിക്കുന്നു. കൂടാതെ കെ.എൽ.ഡി ബോർഡ് ലഭ്യമാക്കുന്ന സെക്സ് സോർട്ടഡ് സെമൻ കൂടുതലായി കിടാരികളിലും ഒന്നാം പ്രസവം കഴിഞ്ഞ പശുക്കളിലും കുത്തിവച്ച് കൂടുതൽ പശുക്കിടാങ്ങളെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ജനിതക പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഭ്രൂണമാറ്റം, ഇൻ-വിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉത്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉത്പാദിപ്പിക്കുവാനും, കർഷകരുടെ ഇടങ്ങളിലുള്ള ഉത്പാദനശേഷികൂടിയ പശുക്കളിൽ നിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ഇതിനു പുറമേ പശുക്കുട്ടികളെ മാത്രം ഉത്പാദിപ്പിക്കുന്നതിനുള്ള ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കർഷകർക്ക് ലഭ്യമാക്കി വരുന്നു. |
| (സി) | ഇതിനായി ഹൈബ്രിഡ് ഇൻസെമിനേഷൻ അടക്കമുള്ള നൂതന സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ജർമ്മിനിയിൽ നിന്നും ഇറക്കുമതി ചെയ്ത ഉയർന്ന ജനിതക മേന്മയുള്ള അഞ്ച് ഹോൾസ്റ്റീൻഫ്രീഷ്യൻ വിത്തുകാളകളുടേയും, ഡെൻമാർക്കിൽ നിന്ന് ഇറക്കുമതി ചെയ്ത നാല് ജെഴ്സി വിത്തുകാളകളുടെയും ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. ഉയർന്ന ഉത്പാദന ക്ഷമതയുള്ള ജെഴ്സി, ഹോൾസ്റ്റീൻഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് മാട്ടുപ്പെട്ടി ഫാമിൽ വിത്തുകാളകളെ ഉത്പാദിപ്പിച്ച് കഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനനപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. |
| (ഡി) | കാലിത്തീറ്റ ഉല്പാദന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ; | (ഡി) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 മെട്രിക് ടൺ/ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ /ദിവസം ), ഇടുക്കി ജില്ലയിലെ അരിക്കുഴ (500 മെട്രിക് ടൺ/ദിവസം) എന്നി യൂണിറ്റുകളിൽ നിന്നായി കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉൽപ്പാദനശേഷി 1750 ടൺ ആയി ഉയർത്തിയിട്ടുണ്ട്.<br><br>പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ മിൽമ്മയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | തീറ്റപ്പുൽ കൃഷി ഇരട്ടിയിൽ അധികമെങ്കിലും വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (ഇ) | തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ പുൽകൃഷി വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പിനു കീഴിൽ വിവിധ തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>നടപ്പു സാമ്പത്തികവർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി തീറ്റ പുൽകൃഷി വികസന പദ്ധതി |

| | | | | |
|---|---|---|---|---|
| | | | | വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 3.56 ലക്ഷം മെ.ടൺ പച്ചപ്പുല്ല് അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായം, ചോളം കൃഷിയ്ക്ക് ധനസഹായം, വൃക്ഷവിളകൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷിയ്ക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തൽ, ഹൈഡ്രോപോണിക് ഫോഡർ ഉത്പാദനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക, വലിയതുറയിൽ സ്റ്റേറ്റ് ഫോഡർ ഫാമിന്റെയും പരിശീലനകേന്ദ്രത്തിന്റെയും അടിസ്ഥാനസൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി/മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും, ക്ഷീരസഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശു ഭൂമികളിലും, ഉപയോഗ ശൂന്യമായ സ്ഥലങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി യുടെ നോഡൽ ഏജൻസി എന്ന നിലയിൽ പുൽകൃഷി വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പിനു കീഴിൽ വിവിധ തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ